3. ധനകാര്യ ബില്ലിന്റെ അവതരണം

ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ): സർ, ബജറ്റ് പ്രസംഗത്തിൽ 112-ാമത്തെ പോയിന്റായി 'നികുതി' എന്ന ശീർഷകത്തിൽ പറയുന്നത് 'കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയ നികുതി നിർദ്ദേശങ്ങൾ പ്രഖ്യാപിക്കുന്നില്ല' എന്നാണ്. ആ ബജറ്റിലെ നിർദ്ദേശങ്ങളെല്ലാംതന്നെ നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ലാത്തതിനാലും, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ വർഷത്തെ ആദ്യ ബജറ്റ് നിർദ്ദേശങ്ങൾ എല്ലാംതന്നെ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാലും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള നിയമസഭാ ചട്ടം 151(a) Clause 1 പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം ക്രമവിരുദ്ധമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഇത് ഇപ്പോഴാണോ ധനകാര്യ ബില്ല് എടുക്കുന്ന സമയത്താണോ വിശദീകരിക്കേണ്ടത്? ഇപ്പോൾ നമ്മൾ വോട്ട് ഓൺ അക്കൗണ്ടാണ് എടുക്കുന്നത്, രണ്ടാമതായാണ് ബില്ല് വരുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിന് ക്രമപശ്നം ഇപ്പോൾ അവതരിപ്പിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ബില്ലിന്റെ ചർച്ചയുടെ സമയത്ത് വിശദീകരണം നൽകിയാൽ മതിയാകും. റൂളിംഗ് അപ്പോൾ നൽകാം.

ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ): സർ, 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ടിലെ സെക്ഷൻ 3 പ്രകാരമുള്ള ഒരു ഡിക്ലറേഷൻ ഉൾപ്പെടുത്തി നിയമസഭയിൽ അവതരിപ്പിക്കുന്ന ധനകാര്യ ബില്ലിലെ വ്യവസ്ഥകൾക്ക് സെക്ഷൻ 4 പ്രകാരം അത് അവതരിപ്പിക്കുന്ന തീയതി മുതൽ, അഥവാ ഏപ്രിൽ 1 മുതൽ 180 ദിവസത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. നേരത്തെ അത് 120 ദിവസമേ ഉണ്ടായിരുന്നുള്ളൂ, കഴിഞ്ഞ ഗവൺമെന്റ് ഒരു ഓർഡിനൻസ് കൊണ്ടുവന്നാണ് അത് 180 ദിവസമാക്കിയത്. അതനുസരിച്ച് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ വർഷം ജനുവരി 22-ന് സഭയിൽ അവതരിപ്പിച്ച 2021-ലെ ധനകാര്യ ബില്ലിലെ നികുതി, സെസ്സ് വരുമാനം സമാഹരിക്കൽ എന്നീ വ്യവസ്ഥകൾക്ക് 180 ദിവസത്തെ അതായത് ഈ വർഷം സെപ്റ്റംബർ 30 വരെ പ്രാബല്യമുണ്ട്. അതുപ്രകാരം ഈ വ്യവസ്ഥകൾക്ക് മൂന്നര മാസം കൂടി പ്രാബല്യമുണ്ട്. 2021-ലെ ബജറ്റ് ധനാഭ്യർത്ഥന ചർച്ച ഈ വരുന്ന മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കാം, അത് നേരത്തെ ഇവിടെ പറഞ്ഞ കാര്യമാണ്. ഈ സാഹചര്യത്തിൽ 2021-ലെ

ധനകാര്യ ബില്ലിന്റെ ഈ വർഷത്തെ രണ്ടാം അവതരണം ഒഴിവാക്കേണ്ടതാണ്. ധനകാര്യ ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് മറ്റൊരു പ്രശ്നം, പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 113-ലെ പരാമർശമാണ്. 'പതിനാലാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞപ്പോൾ 2021-ലെ ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടു. ടി ബില്ലിലെ എല്ലാ ഖണ്ഡങ്ങളും പുനഃസ്ഥാപിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു' എന്നതാണത്. 'വ്യവസ്ഥകൾ കാലഹരണപ്പെട്ടു' എന്നാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ട്-1985 പ്രകാരം വ്യവസ്ഥകൾ കാലഹരണപ്പെടില്ല. എന്നാൽ 'വ്യവസ്ഥകൾ കാലഹരണപ്പെടുന്നു' എന്ന ധനമന്ത്രിയുടെ പ്രസംഗത്തിലെ പ്രസ്താവന ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ പ്രസ്താവന അംഗീകരിക്കുന്ന പക്ഷം പതിനാലാം കേരള നിയമസഭ പിരിച്ചുവിട്ട 03-05-2021 മുതൽ 09-06-2021 വരെ അതായത് ഇന്നലെ വരെയുള്ള 38 ദിവസങ്ങളിൽ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച മുൻബജറ്റിലെ നികുതി, ധനപരമായ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ നിർദ്ദേശങ്ങൾക്കും പ്രാബല്യം ഇല്ലാതായിരിക്കുന്നു എന്നും ഈ കാലയളവിൽ നികുതി പിരിവ് മരവിക്കപ്പെട്ടു എന്നും കണക്കാക്കേണ്ടിവരും. അങ്ങയുടെ വാദം അംഗീകരിക്കാം. എന്നാൽ 1985-ലെ കേരള പ്രൊവിഷണൽ

കളക്ഷൻ ഓഫ് റവന്യൂ ആക്ടിലെ വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ 2021 ജനുവരി 22-ന് സഭയിൽ അവതരിപ്പിച്ച 2021-ലെ കേരള ധനകാര്യ ബില്ലിലെ നികുതി, ധനപരമായ മറ്റ് നിർദ്ദേശങ്ങൾ എന്നിവ അടങ്ങുന്ന വ്യവസ്ഥകൾക്ക് ബില്ലിൽ ഒരു ഡിക്ലറേഷൻ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 2021 ഏപ്രിൽ 1 മുതൽ 180 ദിവസത്തെ പ്രാബല്യമുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ നിയമപരമായി പിശക് വന്നിട്ടുള്ള ഖണ്ഡിക 113-ലെ ഒന്നാം ഭാഗം നീക്കം ചെയ്യേണ്ടതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞാൽ മതിയാകും. അതിനുശേഷം റൂളിംഗ് നൽകുന്നതാണ്.